ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 12.07.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ മഹാരാഷ്ട്രയിൽ. വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.

   **Prime Minister Narendra Modi will visit Mumbai, Maharashtra tomorrow. He will launch, dedicate to the nation and lay the foundation stone for multiple projects**

2. ചരിത്രം കുറിച്ച് വിഴിഞ്ഞത്തെത്തിയ ആദ്യ മദർഷിപ്പിന് കേരളത്തിന്റെ ഊഷ്മള സ്വീകരണം; ലോകത്തിലെ വൻകിട തുറമുഖങ്ങളിലൊന്നായി വിഴിഞ്ഞം ഉയരുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ; രാജ്യത്തെ സമുദ്രമേഖലാ വികസനത്തിന് വിഴിഞ്ഞം നാഴികക്കല്ലാകുമെന്ന് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ.

   **Kerala welcomed the first mothership in Vizhinjam port; Chief Minister Pinarayi Vijayan said that Vizhinjam is becoming one of the big ports in the world; Union Minister Sarbananda Sonowal said that Vizhinjam will be a milestone for the development of maritime sector in the country.**

3. അടിയന്തരാവസ്ഥ വാർഷികമായ ജൂൺ 25 സംവിധാൻ ഹത്യാദിനമായി ആചരിക്കുമെന്ന് കേന്ദ്രസർക്കാർ ; ഭരണഘടനയെ അട്ടിമറിക്കുമ്പോൾ എന്തു സംഭവിക്കുമെന്നതിൻറെ ഓർമ്മപ്പെടുത്തലാണ് ദിനാചരണമെന്ന് പ്രധാനമന്ത്രി.

**The government has decided to observe the 25th of June every year as 'Samvidhaan Hatya Diwas'; Prime Minister Narendra Modi has said that Samvidhaan Hatya Diwas will serve as a reminder of what happens when the Constitution of India was trampled over.**

4. **ബിംസ്റ്റെക് വിദേശകാര്യ മന്ത്രിമാർ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ സന്ദർശിച്ചു; വിവിധ മേഖലകളിലെ പ്രാദേശിക സഹകരണം ചർച്ചയായി.**

   **The Foreign Ministers from the BIMSTEC Member States today met Prime Minister Narendra Modi in New Delhi; Regional cooperation in various fields was discussed.**

5. **കേരളത്തിൽ കോളറ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതം, ആശങ്ക വേണ്ടെന്ന് മന്ത്രി വീണാ ജോർജ്.**

   **Minister Veena George said cholera prevention activities in Kerala are vigorous, no need to worry.**

6. **കേരളത്തിൽ വ്യാപകമഴ ; പത്തനംതിട്ട, കോട്ടയം, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതാ നിർദ്ദേശം.**

   **Widespread rain in Kerala; Orange alert today in Pathanamthitta, Kottayam and Kannur districts.**

**&&&&&&&&&&&&&&&&&&**

## PM MUMBAI VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മുംബൈ സന്ദർശിക്കും. ഗോരേഗാവിലെ നെസ്‌കോ എക്സിബിഷൻ സെൻ്ററിൽ 29,400 കോടി രൂപയിലധികം ചെലവ് വരുന്ന റോഡ്, റെയിൽവേ, തുറമുഖ മേഖലയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾക്ക് അദ്ദേഹം തുടക്കമിടുകയും രാഷ്ട്രത്തിന് സമർപ്പിക്കുകയും ചെയ്യും. വൈകിട്ട് ഐഎൻഎസ് ടവേഴ്സ് ഉദ്ഘാടനം ചെയ്യുന്ന അദ്ദേഹം, ഇന്ത്യൻ ന്യൂസ് സർവീസ് സെക്രട്ടേറിയറ്റ് സന്ദർശിക്കും.16,600 കോടി

രൂപയുടെ താനെ ബോറിവലി ടണൽ പദ്ധതിക്ക് പ്രധാനമന്ത്രി തറക്കല്ലിടും. 6,300 കോടി രൂപയുടെ ഗോരെഗാവ് മുളുണ്ട് ലിങ്ക് റോഡ് പദ്ധതിയുടെ തുരങ്ക നിർമ്മാണത്തിനും പ്രധാനമന്ത്രി തറക്കല്ലിടും. നവി മുംബൈയിലെ കല്യാൺ യാർഡ് പുനർനിർമ്മാണത്തിനും ഗതി ശക്തി മൾട്ടി മോഡൽ കാർഗോ ടെർമിനലിനും അദ്ദേഹം തറക്കല്ലിടും. ലോകമാന്യ തിലക് ടെർമിനസിലെ പുതിയ പ്ലാറ്റ്ഫോമുകളും ശ്രീ മോദി രാജ്യത്തിന് സമർപ്പിക്കും.

&&&&&&&&&&&&&&&&&&&

## VIZHINJAM-CM-INTRO

ചരിത്രം കുറിച്ച് വിഴിഞ്ഞം തുറമുഖത്തെത്തിയ മദർഷിപ്പ് സാൻ ഫെർണാൻഡോയെ മുഖ്യമന്ത്രി പിണറായി വിജയനും കേന്ദ്ര തുറമുഖമന്ത്രി സർബാനന്ദ് സോനോവാളും ചേർന്ന് ഔദ്യോഗികമായി സ്വീകരിച്ചു. കേരളത്തിൻറെ വികസനത്തിൽ വൻകുതിപ്പാകും വിഴിഞ്ഞം സമ്മാനിക്കുക.

വിശദാംശങ്ങളിലേക്ക്..........

(വോയിസ്)

&&&&&&&&&&&&&&&&&&&

## VIZHINJAM-CM-VOICE

ലോകത്തിലെ വൻകിട തുറമുഖങ്ങളിലൊന്നായി വിഴിഞ്ഞം ഉയരുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വിഴിഞ്ഞം തുറമുഖത്തെത്തിയ ആദ്യ മദർഷിപ്പ് സാൻഫെർണോണ്ടോക്കുള്ള സ്വീകരണ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. പതിനായിരം കോടി രൂപയുടെ

നിക്ഷേപത്തിനുള്ള സാധ്യത സൃഷ്ടിക്കുന്ന, ഇന്ത്യയ്ക്കാകെ അഭിമാനിക്കാവുന്ന പദ്ധതിയാണിത്. വിഴിഞ്ഞം തുറമുഖത്തിന്റെ ഓപ്പറേഷൻ ഇപ്പോൾ ട്രയൽ അടിസ്ഥാനത്തിലാണെങ്കിലും ഉടൻ പൂർണ്ണ പ്രവർത്തന രീതിയിലേക്കു മാറും. 2028 ഓടെ വിഴിഞ്ഞം സമ്പൂർണ്ണ തുറമുഖമായി മാറുമെന്നും മുഖ്യമന്ത്രി പറഞ്ഞു. അന്താരാഷ്ട്ര കപ്പൽ ചാലിന്റെ കേവലം 11 നോട്ടിക്കൽ മൈലിനുള്ളിൽ സ്ഥിതി ചെയ്യുന്നതും പ്രകൃതിദത്തമായ 20 മീറ്റർ സ്വാഭാവിക ആഴമുള്ളതുമായ തുറമുഖമാണ് വിഴിഞ്ഞം. മുഖ്യ കടൽപ്പാതയോട് ഇത്രമേൽ അടുത്തുനിൽക്കുന്ന മറ്റൊരു തുറമുഖം ഇന്ത്യയിലില്ല. ആദ്യഘട്ടം പൂർത്തിയാകുന്നതോടെ പ്രതിവർഷം 10 ലക്ഷം ട്വന്റി ഫുട്ട് ഇക്വലന്റ് യൂണിറ്റ് കണ്ടെയ്നർ കൈകാര്യം ചെയ്യാൻ കഴിയുന്ന തുറമുഖമായി ഇതു മാറും. 8,867 കോടി രൂപയാണ് വിഴിഞ്ഞം തുറമുഖത്തിന്റെആകെ മുതൽ മുടക്ക്. അദാനി കമ്പനിയാണ് വിഴിഞ്ഞം തുറമുഖത്തിൻറെ നിർമ്മാതാക്കളും നടത്തിപ്പുകാരും. 5,000 ത്തിലധികം തൊഴിലവസരങ്ങളാണ് തുറമുഖത്തിൻറെ ഭാഗമായി നേരിട്ട് ലഭ്യമാകുക. ഡാനിഷ് കണ്ടെയ്നർ ഷിപ്പ് കമ്പനി മെർസ്ക് ലൈനിന്റെ 'സാൻ ഫെർണാണ്ടോ' ചൈനയിലെ ഷിയാമൻ തുറമുഖത്ത് നിന്നാണ് വിഴിഞ്ഞത്ത് എത്തിയത്. രണ്ടായിരത്തോളം കണ്ടെയ്നറുകളാണ് കപ്പലിൽ നിന്ന് വിഴിഞ്ഞത്ത് ഇറക്കുന്നത്.

ന്യൂസ്ഡസ്ക് ആകാശവാണി......

&&&&&&&&&&&&&&&&&&

## VIZHINJAM–SONOWAL

ലോകോത്തര നിലവാരത്തിലുള്ള തുറമുഖമായി വിഴിഞ്ഞത്തെ മാറ്റാൻ കേരള സർക്കാർ നൽകിയ പരിശ്രമങ്ങളെ ചടങ്ങിൽ

മുഖ്യാതിഥിയായി പങ്കെടുത്ത കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ അഭിനന്ദിച്ചു. രാജ്യത്തെ സമുദ്രമേഖലയുടെ വികസനത്തിന് സുപ്രധാന നാഴികക്കല്ലായി വിഴിഞ്ഞം തുറമുഖം മാറുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി. രാജ്യത്ത് ലോകോത്തര നിലവാരമുള്ള തുറമുഖങ്ങൾ സൃഷ്ടിക്കുക എന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സ്വപ്നത്തിലേക്കുള്ള മറ്റൊരു ചുവടുവയ്പ്പാണ് വിഴിഞ്ഞം എന്നും അദ്ദേഹം പറഞ്ഞു. തുറമുഖ വകുപ്പ് മന്ത്രി വി എൻ വാസവൻ, അദാനി ഗ്രൂപ്പ് മാനേജിങ് ഡയറക്ടർ കരൺ അദാനി തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ഇന്നലെ രാവിലെയാണ് സാൻ ഫെർണാണ്ടോ മദർഷിപ്പ് വിഴിഞ്ഞത്ത് നങ്കൂരമിട്ടത്. വാട്ടർ സല്യൂട്ട് നൽകിയാണ് കപ്പലിനെ വിഴിഞ്ഞത്തേക്ക് സ്വീകരിച്ചത്. വിഴിഞ്ഞം തുറമുഖത്തിൻറെ ട്രയൽ റൺ രണ്ട്-മുതൽ മൂന്ന് മാസം വരെ തുടരും. സെപ്റ്റംബർ-ഒക്ടോബർ മാസത്തോടെ തുറമുഖം കമ്മീഷൻ ചെയ്യും.

&&&&&&&&&&&&&&&&&&

## PM-BIMSTEC

സാമ്പത്തികവും സാമൂഹികവുമായ വളർച്ചയ്ക്കുള്ള എഞ്ചിനാണ് ബിംസ്റ്റെക്കെന്ന്പ്രധാനമന്ത്രി നരേന്ദ്ര മോദി. സമാധാനപരവും സമൃദ്ധവും സുസ്ഥിരവും സുരക്ഷിതവുമായ ബിംസ്റ്റെക് മേഖലയ്ക്കുള്ള ഇന്ത്യയുടെ പ്രതിബദ്ധത അദ്ദേഹം ആവർത്തിച്ചു. ബിംസ്റ്റെക് അംഗരാജ്യങ്ങളിൽ നിന്നുള്ള വിദേശകാര്യ മന്ത്രിമാർ ഇന്ന് ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തി. കണക്റ്റിവിറ്റി, ഊർജം, വ്യാപാരം, ആരോഗ്യം, കൃഷി, ശാസ്ത്രം, സുരക്ഷ, ജനങ്ങളുമായുള്ള ആശയവിനിമയം തുടങ്ങിയ മേഖലകളിൽ പ്രാദേശിക സഹകരണം ശക്തിപ്പെടുത്തുന്നത്

സംബന്ധിച്ച് പ്രധാനമന്ത്രിയുമായി അവർ ചർച്ച നടത്തി. ഇന്ത്യയുടെ Neibourhood first , ലുക്ക് ഈസ്റ്റ് policies സാഗർ ദർശൻ നയങ്ങൾ ശ്രീ മോദി എടുത്തുപറഞ്ഞു. സെപ്റ്റംബറിൽ തായ്‌ലൻഡിൽ ന ടക്കാനിരിക്കുന്ന ബിംസ്റ്റെക് ഉച്ചകോടിക്ക് രജ്യത്തിൻ്റെ പൂർണ പിന്തുണ പ്രധാനമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

## EMERGENCY

എല്ലാ വർഷവും ജൂൺ 25 'സംവിധാൻ ഹത്യ ദിവസ്' ആയി ആചരിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചു. 1975 ജൂൺ 25 നാണ് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത്. അടിച്ചമർത്തുന്ന സർക്കാരിനു കീഴിൽ വിവരണാതീതമായ പീഡനങ്ങൾ നേരിട്ടിട്ടും ജനാധിപത്യം പുനരുജ്ജീവിപ്പിക്കാൻ പോരാടിയ ദശലക്ഷക്കണക്കിന് ആളുകളെ ആദരിക്കാനാണ് ഈ തീരുമാനമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ സമൂഹ മാധ്യമത്തിൽ കുറിച്ചു. 'സംവിധാൻ ഹത്യ ദിവസ്' ആചരിക്കുന്നത് ഓരോ ഇന്ത്യക്കാരനിലും വ്യക്തിസ്വാതന്ത്ര്യത്തിൻ്റെയും ജനാധിപത്യ പ്രതിരോധത്തിൻ്റെയും ബോധം നിലനിർത്താൻ സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&&&

## MODI EMERGENCY

ഭരണഘടനയെ അട്ടിമറിക്കുമ്പോൾ എന്തു സംഭവിക്കുമെന്നതിൻറെ ഓർമ്മപ്പെടുത്തലായിരിക്കും സംവിധാൻ

ഹത്യ ദിവസ് എന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. കോൺഗ്രസിൻറെ ഭരണകാലത്ത് പ്രഖ്യാപിച്ച അടിയന്തിരാവസ്ഥയുടെ ദുരിതമനുഭവിച്ച ഓരോ വ്യക്തിക്കും ശ്രദ്ധാഞ്ജലി അർപ്പിക്കുന്ന ദിനം കൂടിയായിരുക്കും ഇതെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## CHOLERA- KERALA

തിരുവനന്തപുരം നെയ്യാറ്റിൻകരയിലെ സ്വകാര്യ കെയർ ഹോമിൽ കോളറ സ്ഥിരീകരിച്ച സാഹചര്യത്തിൽ സ്ഥിതിഗതികൾ ആരോഗ്യ മന്ത്രി വീണാ ജോർജ് അവലോകനം ചെയ്തു. പ്രദേശത്ത് കോളറ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമായി നടന്നു വരികയാണെന്നും ആശങ്ക വേണ്ടെന്നും മന്ത്രി പറഞ്ഞു. എല്ലാ ജല സ്രോതസുകളിൽ നിന്നും വെള്ളത്തിന്റെ സാമ്പിളുകളും ഭക്ഷണ സാമ്പിളുകളും പരിശോധനയ്ക്കായി അയച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. രോഗം ബാധിച്ചവർ ഐരാണിമുട്ടത്തെ ഐസൊലേഷൻ വാർഡിൽ ചികിത്സയിലാണ്. സാധ്യമായ എല്ലാ കാര്യങ്ങളും ആരോഗ്യ വകുപ്പ് ചെയ്തിട്ടുണ്ട്. പുതിയ ക്ലസ്റ്ററുകൾ ഉണ്ടാകാതിരിക്കാനുള്ള നടപടി സ്വീകരിക്കാനും നിരീക്ഷണം ശക്തമാക്കാനും മന്ത്രി നിർദേശം നൽകി.

&&&&&&&&&&&&&&&&&&

## KERALA LSGD FUND

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതു ആവശ്യ ഫണ്ടിലേക്ക് 421 കോടി രൂപ കൂടി ധനവകുപ്പ് അനുവദിച്ചു. ത്രിതല

പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി ജൂൺ, ജൂലൈ മാസങ്ങളിലെ ഗഡുവായാണ് തുക അനുവദിച്ചത്.

&&&&&&&&&&&&&&&&&&

## RAIN KERALA

ന്യൂനമർദ്ദ പാത്തിയുടെ സ്വാധീനത്താൽ കേരളത്തിൽ വ്യാപക മഴ. പത്തനംതിട്ട, കോട്ടയം, കണ്ണൂർ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. 9 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്. കേരള തമിഴ്നാട് തീരങ്ങളിൽ നാളെ രാത്രി വരെ കടലാക്രമണത്തിനും സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&

## NEET-HAZARIBAGH CASE

നീറ്റ് ചോദ്യ പേപ്പർ ചോർച്ച കേസിൽ മുഖ്യ സൂത്രധാരൻ രാകേഷ് രഞ്ചനെ സി ബി ഐ അറസ്റ്റ് ചെയ്തു. റോക്കി എന്നറിയപ്പെടുന്ന ഇയാളെ 10 ദിവസത്തെ സി ബി ഐ കസ്റ്റഡിയിൽ വിട്ടു. രാകേഷിൻറെ അറസ്റ്റോടെ ചോദ്യ പേപ്പർ ചോർച്ചയിൽ കൂടുതൽ വിവരങ്ങൽ പുറത്ത് വരുമെന്നാണ് കരുതുന്നത്.

&&&&&&&&&&&&&&&&&&

## DAY WIMBLEDON

വിംബിൾഡൻ ടെന്നീസ് പുരുഷ സിംഗിൾസ് ആദ്യസെമിയിൽ ഡാനിൽ മെദ്വദേവ് - കാർലോസ് അൽകാരാസ് പോരാട്ടം പുരോഗമിക്കുന്നു. രണ്ടാം സെമി ഫൈനലിൽ ഇറ്റാലിയൻ താരം ലോറെൻസോ മുസെറ്റി, സെർബിയൻ താരം നോവാക് ജോക്കോവിച്ചുമായി എറ്റുമുട്ടും. മറ്റന്നാളാണ് ഫൈനൽ. നാളെ നടക്കുന്ന വനിതാ സിംഗിൾസ് ഫൈനലിൽ ചെക് റിപ്പബ്ലിക് താരം ബാർബൊറ ക്രെച്ചിക്കോവ ഇറ്റലിയുടെ ജാസ്മിൻ പവോലിനിയെ നേരിടും.

&&&&&&&&&&&&&&&&&&&

## STOCK +GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം . ബോംബൈ ഓഹരി സൂചിക സെൻസെക്സ് 622 പോയിൻറ് വർധിച്ച് 80,519- ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 186 പോയിൻറ് ഉയർന്ന് 24,502- ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വില വർധിച്ചു. പവന് 240 രൂപ കൂടി 54,080 രൂപയും, ഗ്രാമിന് 30 രൂപ വർധിച്ച് 6,760 രൂപയുമായി.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&&&
&&&&&&&&
&&&&&&
&&&&
&&&
&&

&